# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: T 1385 — 03-10-2016 -ൽ മറുപടിക്ക്

### ദേശീയ ജലപാത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീമതി. സി.കെ.ആശ<br>ശ്രീ. എൽദോ എബ്രഹാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സൗകര്യപ്രദവും ഫലപ്രദവുമായ ഗതാഗത മാർഗ്ഗം എന്ന നിലയിൽ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ദേശീയ ജലപാതയുടെ നിർമ്മാണം എത്ര ശതമാനം പൂർത്തിയാക്കിയെന്നും നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;<br><br>(സി) ദേശീയ ജലപാതയിലൂടെ ചരക്ക് ഗതാഗതം ഉറപ്പാക്കുമോയെന്നും നിർമ്മാണത്തിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ? | (എ) യും (ബി) യും (സി) യും | 590 കി.മീ നീളമുള്ള തിരുവനന്തപുരം കാസർഗോഡ് ജലപാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ദൂരം ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുണ്ട്. National Waterways Act 2016 പ്രകാരം കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ ദൂരം പാത കൂടി ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ ആലപ്പുഴ- ചങ്ങനാശ്ശേരി കനാൽ (28കി.മീ), ആലപ്പുഴ- കോട്ടയം-അതിരമ്പുഴ കനാൽ (38കി.മീ), കോട്ടയം- വൈക്കം (വെച്ചൂർ) കനാൽ (28കി.മീ) എന്നീ ഫീഡർ കനാലുകളും National Waterways Act 2016 പ്രകാരം ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പാതയുടെ നിർമ്മാണം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് നിർവ്വഹിക്കുന്നത്. ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാന ജലപാതകളുടെ (കൊല്ലം - കോവളം, കോട്ടപ്പുറം - നീലേശ്വരം) വികസന പ്രവർത്തനങ്ങളായ ആഴം കൂട്ടൽ, തീരസംരക്ഷണം, കുറുകേയുള്ള നിർമ്മിതികളുടെ പുനർനിർമ്മാണം, പ്രധാന പാതയിലേയ്ക്കു വരുന്ന ഉപകനാലുകളുടെ പുനരുദ്ധാരണം എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു |

നിർമ്മാണത്തിലിരിക്കുന്ന ദേശീയ ജലപാത കൊല്ലം-കോട്ടപ്പുറം 168 കി.മീ ആകുന്നു. പ്രസ്തുത പാതയുടെ നിർമ്മാണം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ് നിർവ്വഹിക്കുന്നത്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കേണ്ട നടപടികൾ **IWAI** അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. ജലപാതയിൽ മാർഗ്ഗ തടസ്സ മായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നി വലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ ജലപാതയിലെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഗതാഗതത്തിനും ചരക്കു നീക്കത്തിനും പ്രസ്തുത ജലപാത സൗകര്യപ്രദ മായി ഉപയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ